# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 137 09/03/2015-ൽ മറുപടിയ്ക്ക്

### സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ്

| ചോദ്യം<br>ശ്രീ. എം. ഉമ്മർ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പരിഗണനയിലുണ്ട്.<br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" പ്രകാരം ഭൂരഹിതരും ഭവനരഹിതരുമായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിനായി 48.75 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി വലിയതുറ മത്സ്യഗ്രാമത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അനുവദിച്ച 42.45 സെന്റ് ഭൂമിയിൽ 32 ഫ്ളാറ്റുകൾ തികച്ചും സൗജന്യമായി നിർമ്മിച്ചു നൽകുന്നു. ഫ്ളാറ്റ് നിർമ്മാണം ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. മറ്റു സ്ഥലങ്ങളിൽ ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിനായി സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) നിലവിലുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ച് നിർദ്ധനരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ